## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1992**

**22.01.2014-ൽ മറുപടിയ്ക്ക്**

**മറൈൻ ആംബുലൻസ്**

ചോദ്യം / ഉത്തരം

| | | | |
|---|---|---|---|
| | ശ്രീ. എ.എം. ആരിഫ് | | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | കടലിൽ രക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിനായി മറൈൻ ആംബുലൻസ് അനുവദിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനപ്രകാരം ഏതെല്ലാം പ്രദേശങ്ങളിൽ മറൈൻ ആംബുലൻസ് അനുവദിച്ച എന്ന് വ്യക്തമാക്കാമോ? | (എ) | 2013-14 ലെ ബഡ്ജറ്റ് സ്പീച്ച് പ്രകാരം 5 ഫിഷറീസ് സ്റ്റേഷനുകളിലായി (വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ) മറൈൻ ആംബുലൻസ് അനുവദിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ പ്രാരംഭമായി 28/10/13-ലെ സ.ഉ(സാധാ)900/2013/മ.തു.വ നമ്പർ ഉത്തരവ് പ്രകാരം 55-60 അടി നീളമുള്ളതും ഇരട്ട എഞ്ചിനോടു കൂടിയതും സ്റ്റീൽബോഡി നിർമ്മിതവും അവശരായ മത്സ്യത്തൊഴിലാളികളെ അതിവേഗം തീരത്ത് എത്തിക്കുന്നതിനും സൗകര്യപ്രദമായ രീതിയിലും പ്രാദേശിക രൂപകല്പന ചെയ്യുതുമായ ബോട്ട് നിർമ്മിക്കുന്നതിനോ നിലവിലുള്ള ബോട്ട് രൂപമാറ്റം വരുത്തുന്നതിനോ ആവശ്യമായ ഉപകരണങ്ങൾ സഹിതം മറൈൻ ആംബുലൻസ് രൂപകല്പന ചെയ്യുന്നതിന് തുറമുഖ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നടപടികൾ തുടർന്നു വരുന്നു. |

Jayasree

സെക്ഷൻ ഓഫീസർ